8095
13/8/14

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ബാലവേല, ബാലപീഡനം എന്നിവയെ കുറിച്ചുള്ള ടെലിസിനിമ 'ഇത്തിരിവെട്ടം' സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 506/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 08.08.2014.

================================================================

പരാമർശം:- 1. സ.ഉ. (സാധാ) നം. 418/2013/സാ.നീ.വ. തീയതി 16.08.2013.
2. 03.07.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പി.ഡി.എം.സി.1/26493/13 നമ്പർ കത്ത്.
2. 21.07.2014-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ബാലവേല, ബാലപീഡനം എന്നിവയേയും ശിഥിലമായ കുടുംബാന്തരീക്ഷത്തിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്ന ഒരു കൗമാരക്കാരനുണ്ടാകുന്ന ദുരിതങ്ങളെയും ആസ്പദമാക്കി നിർമ്മിച്ച 'ഇത്തിരിവെട്ടം' എന്ന ടെലിസിനിമ പരാമർശ ഉത്തരവു പ്രകാരം കേരളത്തിലുടനീളമുള്ള 140 സ്ക്കൂളുകളിൽ പ്രദർശിപ്പിച്ചതിൽ വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും നല്ല പ്രതികരണം ലഭിച്ചുവെന്നും ആയതിനാൽ ടി ടെലിസിനിമ ഓരോ ജില്ലയിലേയും 20 സ്ക്കൂളുകളിൽ കൂടി (280 സ്ക്കൂൾ) പ്രദർശിപ്പിക്കുന്നതിനും അതോടൊപ്പം ഈ വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുകയും ചെയ്യുന്നതിന് ഭരണാനുമതി നൽകണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. 21.07.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 'ഇത്തിരിവെട്ടം' എന്ന ടെലിസിനിമ ഓരോ ജില്ലയിലേയും 20 സ്ക്കൂളുകളിൽ കൂടി (280 സ്ക്കൂൾ) പ്രദർശിപ്പിക്കുന്നതിനുള്ള ഭരണാനുമതിയും ഇതിനായി 14,00,000/- രൂപ (പതിനാല് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ ഐ.സി.പി.എസ്-ന്റെ

സംസ്ഥാന വിഹിതമായ 2235-02-102-61 (പി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.